**ശ്രദ്ധക്ഷണിക്കൽ**

1.സമ്പൂർണ്ണ കോവിഡ് വാക്സിനേഷൻ പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകലും

ശ്രീ. എ. എൻ. ഷംസീർ: സർ, ലോകത്തെ നടുക്കിയ കോവിഡ് മഹാമാരി ഇന്ന് 18 മാസം പിന്നിടുകയാണ്. 18 മാസം പിന്നിടുമ്പോൾ ലോകത്തിപ്പോഴും ഈ രോഗം ആളുകളെ വിറപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ഭാഗത്ത് രണ്ടാം തരംഗം അവസാനിച്ചുവെന്നു പറയുമ്പോൾ വീണ്ടും വന്നവർക്കുതന്നെ രോഗം വരുന്ന പശ്ചാത്തലമാണുള്ളത്. ഇതിനുള്ള പരിഹാരം സമ്പൂർണ്ണ വാക്സിനേഷനാണ്. സമ്പൂർണ്ണ വാക്സിനേഷനല്ലാതെ ഒരു പരിഹാരവും കോവിഡ് രോഗത്തിനില്ല. ഇത്തരം ഒരു ഘട്ടത്തിലാണ് കേരളം മാതൃകാപരമായ പ്രവർത്തനം നടത്തിയിട്ടുള്ളത്. കേരളം മാതൃകാപരമായ പ്രവർത്തനം നടത്തിയതിന് ഇന്ത്യാ ടുഡേ-യുടെ ഹെൽത്ത് ഗിരി അവാർഡും ലഭിച്ചു. ഈ മാതൃകാപരമായ പ്രവർത്തനത്തിന് നേതൃത്വം കൊടുത്ത ആരോഗ്യമന്ത്രിയെയും ആരോഗ്യവകുപ്പിനെയും ഞാൻ ഈ ഘട്ടത്തിൽ അഭിനന്ദിക്കുകയാണ്. അതോടൊപ്പംതന്നെ ഒരു ഭാഗത്ത് കേരളം മാതൃകാപരമാണെന്ന് പറയുമ്പോൾ, ഇന്ത്യൻ പ്രധാനമന്ത്രിയായ നരേന്ദ്ര

മോദിയുടെ സാമ്പത്തിക ഉപദേഷ്ടാവായിരുന്ന അരവിന്ദ് സുബ്രഹ്മണ്യത്തിന്റെ ഒരു സ്റ്റഡി റിപ്പോർട്ട് പുറത്തുവന്നു. 2020-നും 2021-നുമിടയിൽ ഔദ്യോഗിക കണക്കുപ്രകാരം ഇന്ത്യാ ഗവൺമെന്റ് പുറത്തുവിട്ടത് നാലേകാൽ ലക്ഷം മരണമാണ്. പക്ഷേ അരവിന്ദ് സുബ്രഹ്മണ്യം ഉത്തരേന്ത്യയിലെ സാമ്പിൾ സ്റ്റഡിയിലൂടെയുംമറ്റും പഠന റിപ്പോർട്ട് പുറത്തുവിട്ടപ്പോൾ 34 ലക്ഷം മുതൽ 49 ലക്ഷം വരെ മരണം നടന്നുവെന്ന് പറയുന്നു. അത് ശരിവയ്ക്കുന്ന വാർത്തകളായിരുന്നു നമുക്ക് ലഭിച്ചതും. ഗംഗയിൽ ശവങ്ങളൊഴുകി; മറവുചെയ്ത ശവങ്ങൾ പുറത്തുവന്നു; ക്രിമറ്റോറിയങ്ങൾക്കുമുന്നിൽ ജനം സംസ്കരണത്തിനുവേണ്ടി കാത്തുനിന്നു. അത്തരമൊരു സാഹചര്യം ഇന്ത്യയിലെ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലുണ്ടായെങ്കിലും നമ്മുടെ സംസ്ഥാനത്തുണ്ടായില്ല. പക്ഷേ നമ്മുടെ സംസ്ഥാനത്തെ ആസൂത്രിതമായി തകർക്കാനുള്ള ശ്രമം നടന്നുവെന്നുള്ളതാണ്. കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ തുടക്കം മുതൽ മാതൃകാപരമായ പ്രവർത്തനം നടത്തിയ എൽ.ഡി.എഫിന്റെ ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുത്ത ഒന്നാം സർക്കാരും രണ്ടാം സർക്കാരും (ശൈലജ ടീച്ചറാകട്ടെ ഒപ്പം ശ്രീമതി വീണാ ജോർജ്ജാകട്ടെ)

മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവച്ചിട്ടുള്ളത്. പക്ഷേ ആസൂത്രിതമായി കേരള മോഡലിനെ അട്ടിമറിക്കാനും കേരളത്തെ ദുർബലപ്പെടുത്താനും ശ്രമം നടന്നുവെന്നുള്ളതാണ്. ഇവിടെയിപ്പോൾ ഏറ്റവും കൂടുതൽ വാക്സിനേഷൻ നടന്ന 5 സംസ്ഥാനങ്ങളെടുത്താൽ അതിലൊന്ന് കേരളമാണ്. അതിനെക്കുറിച്ച് പ്രതിപക്ഷവും മറ്റ് മാധ്യമങ്ങളും ഒന്നും പറയുന്നില്ല. വാക്സിനേഷൻ ഡ്രൈവിൽ അഞ്ച് സംസ്ഥാനങ്ങളെടുക്കുമ്പോൾ അതിൽ ഏറ്റവും പ്രധാനപ്പെട്ട സ്ഥാനം അലങ്കരിക്കുന്ന സംസ്ഥാനം കേരളമാണ്. കേരളത്തിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്, എറണാകുളം, 18 വയസ്സിനു മുകളിൽ പ്രായമുള്ള 100 ശതമാനം ആളുകളും ഒന്നാം ഡോസ് എടുത്തു കഴിഞ്ഞുവെന്നുള്ളതു സംബന്ധിച്ച് ഒക്ടോബർ 2- ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പ്രഖ്യാപനം നടത്തുകയുംചെയ്തു. വാക്സിനേഷന്റെ കാര്യം പരിശോധിക്കുമ്പോൾ കേരളത്തിൽ 18 വയസ്സിനു മുകളിലുള്ളതിൽ 93% പേർക്ക് പൂർണ്ണമായും ഒന്നാം റൗണ്ട് വാക്സിനേഷൻ നടത്തി. അത് ആകെ ജനസംഖ്യയുടെ ഏതാണ്ട് 70 ശതമാനമാണ്. രണ്ടാം റൗണ്ട് വാക്സിനേഷൻ ഏതാണ്ട് ഒന്നേകാൽക്കോടി, ഏതാണ്ട് 45 ശതമാനമാണ്. അങ്ങനെ ഏതാണ്ട് മൂന്നുകോടി

അറുപതുലക്ഷത്തോളം വാക്സിനേഷൻ ഇതിനോടകം നമ്മുടെ സംസ്ഥാനം നടത്തിക്കഴിഞ്ഞുവെന്നുള്ളത് മാതൃകാപരമായ പ്രവർത്തനമാണ്. അതിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളും പബ്ലിക് ഹെൽത്ത് സെന്ററുകളും ആരോഗ്യവകുപ്പുമെല്ലാം കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് നല്ല പങ്ക് വഹിച്ചുവെന്നുള്ളതാണ്. ഇപ്പോൾ സ്കൂളുകളും കോളേജുകളും ആരംഭിക്കുന്നു; ഇന്നലെ മുതൽ കോളേജുകളിൽ അദ്ധ്യയനവർഷം ആരംഭിച്ചു. അപ്പോൾ കോളേജ് വിദ്യാർത്ഥികൾക്കുൾപ്പെടെ വാക്സിനേഷൻ; ഒന്നാം വാക്സിനേഷൻ വരുമ്പോൾ മെഡിക്കൽ സയൻസിൽ പറയുന്നത് ഇതിന്റെ സിവിയരിറ്റി കുറയുമെന്നുള്ളതാണ്. രണ്ടു വാക്സിനേഷനെടുത്താൽ രോഗിയാവില്ല; മരണം ഉണ്ടാവില്ലെന്നാണ്. എന്നാൽ ഒറ്റപ്പെട്ട മരണങ്ങളുണ്ടെന്നുള്ളത് വേറൊരുഭാഗം. ഇങ്ങനെ പൂർണ്ണമായും വാക്സിനേഷനിലൂടെ മാത്രമേ ഇതിനൊരു പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. എല്ലാക്കാലത്തും മൂടുപടമണിഞ്ഞും അകലംപാലിച്ചും നമുക്ക് മുന്നോട്ടുപോകാൻ സാധിക്കില്ല, സാമ്പത്തികമായി നമ്മുടെ സംസ്ഥാനം തകർച്ചയിലേയ്ക്കെത്തും. അതുകൊണ്ട് സാമ്പത്തിക തകർച്ചയ്ക്കുള്ള പരിഹാരം പൂർണ്ണമായും വാക്സിനേഷൻ മാത്രമാണ്. ആ

വാക്സിനേഷൻ ഡ്രൈവിന് നല്ല പിന്തുണയാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളത്. അതിൽ നാം ഒരു പരിധിവരെ വിജയിച്ചു.

മരണനിരക്കിനെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ, സംസ്ഥാന സർക്കാർ നടത്തിയ ആദ്യത്തെ ഇടപെടലാണ് നമ്മുടെ സംസ്ഥാനത്ത് മരണനിരക്ക് കുറച്ചത്. സെപ്തംബർ 27 വരെ 24,661 പേർ മരിച്ചുവെന്നുള്ളതാണ് സംസ്ഥാനത്തെ കണക്കുകൾ സൂചിപ്പിക്കുന്നത്. കോവിഡ് മരണവുമായി ബന്ധപ്പെട്ട് പറയുമ്പോൾ ഒരുപാട് അനുഭവങ്ങളുള്ള ആളുകളാണ് നമ്മളൊക്കെ. ഒരുപാട് വേണ്ടപ്പെട്ടവർ കോവിഡിന്റെ ഭാഗമായി മരിച്ചുവെന്നുള്ളതാണ്. കോവിഡിന്റെ മരണനിരക്ക് ഒരു ഭാഗത്തുണ്ട്. എന്നാൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മരണനിരക്ക് കേരളത്തിൽ വളരെക്കുറവാണ്.

ഇന്ന് രാവിലെ മാധ്യമങ്ങളിൽ കേട്ടത് സീറോ പോസിറ്റിവിറ്റി നിരക്കിന്റെ കണക്ക് പുറത്തുവരാൻ പോകുന്നുവെന്നാണ്. ആ റിപ്പോർട്ട് പുറത്തുവന്നോ ഇല്ലയോ എന്നെനിക്കറിയില്ല. ഇന്ന് വരുമെന്നാണ് പറയുന്നത്. കോവിഡ്മൂലം മരണമടഞ്ഞവരെ സഹായിക്കുന്നതിനും അവർക്കൊരു

സാമ്പത്തികസഹായം നൽകുന്നതിനുമുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാരിനുണ്ട്. കേന്ദ്രസർക്കാരിന്റെ പ്രഖ്യാപനത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട്, കോവിഡ് ബാധിച്ച് മരിച്ചവർ എന്നു പറയുമ്പോൾ കേവലം കോവിഡ് ബാധിച്ചു മരിച്ചവർ മാത്രമല്ല; മറിച്ച് പോസ്റ്റ് കോവിഡിന്റെ ഭാഗമായി മരിച്ചവരുൾപ്പെടെ കണക്കുകൂട്ടി വരുമ്പോൾ ഏതാണ്ട് 130 കോടിരൂപ വരുമെന്നാണ് കണക്കാക്കുന്നത്. അപ്പോൾ കോവിഡ് ബാധിച്ച് മരിച്ചവർക്ക് സാമ്പത്തികസഹായം നൽകാനുള്ള നടപടികൂടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുണ്ടാകണം. ഈയൊരു ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത് വാക്സിനേഷൻ ഡ്രൈവ് ഇനിയും ശക്തിപ്പെടുത്തുക; കോളേജ് വിദ്യാർത്ഥികൾക്ക് നൽകുക; അതോടൊപ്പം മരിച്ച കുടുംബങ്ങൾക്ക് ഒരാശ്വാസം നൽകുക. ചിലർ പൂർണ്ണമായും അനാഥരാകും. ഇത്തരം ഒരു പശ്ചാത്തലത്തിൽ അനാഥരായിപ്പോയ കുട്ടികളെ എങ്ങനെ സംരക്ഷിക്കും; അതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കും;

ആരോഗ്യപ്രവർത്തകർ എത്രപേർ മരിച്ചിട്ടുണ്ട്; അവർക്കെന്തെങ്കിലും

സ്പെഷ്യൽ പാക്കേജ് ഏർപ്പെടുത്താൻ സാധിക്കുമോ; -ആരോഗ്യപ്രവർത്തകരെന്നു പറയുമ്പോൾ യഥാർത്ഥത്തിൽ രക്ഷാ പ്രവർത്തനത്തിന് നേതൃത്വം കൊടുത്ത് മരിക്കുന്നവരാണ്- അവരെ എന്തെങ്കിലും തരത്തിൽ സഹായിക്കാൻ വല്ല പാക്കേജുമുണ്ടോ? ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി എന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടി പറയുമ്പോൾ സൂചിപ്പിക്കണമെന്ന് ഞാൻ വിനയത്തോടെ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, സംസ്ഥാനത്തെ കോവിഡ് വ്യാപനം നിയന്ത്രണ വിധേയമാക്കുന്നതിന്റെ ഭാഗമായി സമ്പൂർണ്ണ വാക്സിനേഷൻ ലക്ഷ്യമിട്ടുകൊണ്ട് ഊർജ്ജിതമായ രീതിയിലാണ് പ്രവർത്തനങ്ങൾ നടന്നുവരുന്നത്. സംസ്ഥാനത്ത് ഇതുവരെ, അതായത് ഒക്ടോബർ 4 വരെ 18 വയസ്സിൽ കൂടുതൽ പ്രായമുള്ളവരിൽ 2,47,91,363 പേർക്ക് ഒന്നാം ഡോസും 1,12,65,424 പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. കേരളത്തിലെ 2021-ലെ എസ്റ്റിമേറ്റ് ജനസംഖ്യ കണക്കാക്കിയാൽ 92.8% പേർക്ക് ഒന്നാം ഡോസ് വാക്സിനും 42.2% ശതമാനം പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകിയിട്ടുണ്ട്. വാക്സിൻ

ലഭ്യമാകുന്ന മുറയ്ക്ക് ഒന്നാം ഡോസ് എടുത്തയാളിന് രണ്ടാം ഡോസിനുള്ള സമയമാകുന്ന മുറയ്ക്ക് വാക്സിനേഷൻ വളരെ വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികളാണ് പുരോഗമിച്ചുവരുന്നത്. 18 വയസ്സിനു മുകളിലുള്ള സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും വാക്സിനേഷൻ നൽകുന്നതിനായി വിപുലമായ സംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി, സർക്കാർ മേഖലയിൽ മാത്രം 1200 കോവിഡ് വാക്സിനേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. മുഴുവൻ ജനവിഭാഗങ്ങളെയും വാക്സിനേഷൻ നടത്തുന്നതിനായി വിവിധങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്തുനടപ്പിലാക്കി. സംസ്ഥാനത്തെ മുഴുവൻ ഗർഭിണികൾക്കും കോവിഡ് വാക്സിൻ നൽകാൻ 'മാതൃകവചം'എന്ന പേരിൽ ആരോഗ്യവകുപ്പ് ക്യാമ്പെയ്ൻ നടത്തിയിരുന്നു. ഭിന്നശേഷിക്കാർക്ക് പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ വിവിധ ജില്ലകളിൽ സംഘടിപ്പിച്ചു. ഇതുകൂടാതെ ജൂൺ മാസം ആദ്യം മുതൽ കിടപ്പുരോഗികൾക്ക് അവരുടെ വീടുകളിൽപോയി വാക്സിനേഷൻ നൽകി വരുന്നുണ്ട്. കേരളമാണ് ഇതുസംബന്ധിച്ച് ദേശീയതലത്തിൽ ആദ്യമായി ഗൈഡ്‌ലൈൻസ് പുറത്തിറക്കിയത്. ഇത് ദേശീയതലത്തിൽ ശ്രദ്ധനേടുകയും

പല സംസ്ഥാനങ്ങളും പിന്തുടരുകയും ചെയ്തു. സ്വന്തമായി രജിസ്റ്റർ ചെയ്യാൻ അറിയാത്തവരും സൗകര്യമില്ലാത്തവരുമായ സംസ്ഥാനത്തെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരെ വാക്സിനേഷന് രജിസ്റ്റർ ചെയ്യാനായി 'വേവ്' (Wave) 'വാക്സിൻ സമത്വത്തിനായി മുന്നേറാം' എന്ന പേരിൽ ആശാവർക്കർമാരുടെ സേവനമുപയോഗിച്ച് വാക്സിനേഷൻ രജിസ്ട്രേഷൻ ക്യാമ്പെയ്ൻ നടപ്പിലാക്കി.

സംസ്ഥാനത്തെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഡ്രൈവ് ത്രൂ വാക്സിനേഷൻ (Drive Through Vaccination) സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ ഗുണഭോക്താക്കൾക്ക് സ്വന്തം വാഹനങ്ങളിൽത്തന്നെ വന്ന് പ്രതിരോധകുത്തിവയ്പെടുക്കാൻ കഴിയുന്നതാണ്. അരമണിക്കൂർ നിരീക്ഷണത്തിൽ അവിടെത്തന്നെയിരിക്കാനുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. വൃദ്ധസദനങ്ങൾ, അഗതിമന്ദിരങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ആദിവാസി പ്രാക്തന ഗോത്ര സമൂഹങ്ങൾക്കും എസ്.ടി. ജനവിഭാഗങ്ങൾക്കും പ്രതിരോധകുത്തിവയ്പ്പിനായി പ്രത്യേക ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിൽ ഇവരെ ഉൾപ്പെടുത്തുകയും വാക്സിനേഷൻ ത്വരിതപ്പെടുത്തുകയും ഇതുവരെ 99% പേർക്ക് ആദ്യ ഡോസ് വാക്സിനും 56%

പേർക്ക് രണ്ട് ഡോസ് വാക്സിനും നൽകുകയും ചെയ്തു. വാക്സിനേഷന്റെ കാര്യത്തിൽ ദേശീയ ശരാശരിയെക്കാൾ വളരെയേറെ മുന്നിലാണ് സംസ്ഥാനം. വാക്സിൻ വിമുഖതയുള്ളവരോട് ആരോഗ്യപ്രവർത്തകർ നേരിട്ട് സംസാരിച്ച് വാക്സിനെടുക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമമന്ത്രാലയത്തിന്റെ മാർഗ്ഗരേഖ പ്രകാരം അലർജിയുള്ളവർക്ക് കോവിഡ് വാക്സിൻ നൽകാൻ കഴിയില്ല. കേരളത്തിൽ പതിനെട്ട് വയസ്സിന് മുകളിലുള്ള എല്ലാവർക്കും ഒന്നാം ഡോസ് വാക്സിൻ ഒക്ടോബർ മാസത്തോടുകൂടിയും രണ്ടാം ഡോസ് 2022 ജനുവരി മാസത്തോടുകൂടിയും നൽകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. രണ്ടാമത്തെ ഡോസ് വാക്സിൻ ഡ്യൂ അകുന്നതിന്റെ കൂടി കണക്കിലെടുത്താണ് ഇത് പറഞ്ഞിരിക്കുന്നത്. കോവിഡ്-19 മൂലം മരണമടഞ്ഞവരുടെ കുടുംബത്തിനുള്ള നഷ്ടപരിഹാരം സംബന്ധിച്ചും സംസ്ഥാനം ഇപ്പോൾ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡ്-19 മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പ്രക്രിയ കേരളത്തിൽ ഐ.സി.എം.ആർ ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് ചെയ്തു വരുന്നത്. കോവിഡ്-19 മൂലം സംസ്ഥാനത്ത്

മരിച്ചവരുടെ പട്ടിക തയ്യാറാക്കുന്നതിനായി ഇ-ഹെൽത്ത് ഒരു death reporting and auditing portal വികസിപ്പിച്ചെടുത്തിട്ടുണ്ട്. 2021 ജൂൺ മാസം 16-ാം തീയതി മുതൽ എല്ലാ കോവിഡ്-19 മരണങ്ങളും ഓൺലൈനായി ഈ പോർട്ടൽ വഴിയാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. പൊതുജനങ്ങൾക്ക് മരണതീയതി അടിസ്ഥാനമാക്കി ദിവസവും റിപ്പോർട്ട് ചെയ്യപ്പെടുന്ന കോവിഡ്-19 മരണം death information portal വഴി കാണാൻ കഴിയും. കൂടാതെ അതാത് ജില്ല മെഡിക്കൽ ഓഫീസർമാർ നൽകുന്ന covid death declaration document അടിസ്ഥാനമാക്കിയുള്ള മറ്റ് വിശദാംശങ്ങളും ഈ പോർട്ടലിൽ ലഭ്യമാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവ്വചനത്തിൽ കേന്ദ്ര സർക്കാർ മാറ്റം വരുത്തുകയുണ്ടായി. ഇത് പ്രകാരം rt pcr rapid antigen test മറ്റ് മോളിക്കുലാർ പരിശോധന വഴി രോഗം സ്ഥിരീകരിച്ചവരെയും ചികിത്സിക്കുന്ന ഡോക്ടർ മറ്റ് പരിശോധനകൾ വഴി കോവിഡ്-19 രോഗം സ്ഥിരീകരിച്ചവരെയുമാണ് കോവിഡ് രോഗികളായി കണക്കാക്കുന്നത്. നിലവിൽ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത മരണങ്ങൾ

കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ കേരള സർക്കാർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ വഴി മരിച്ച വ്യക്തിയുടെ ബന്ധുവിന് മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ് 19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുവാനും കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡത്ത് സർട്ടിഫിക്കറ്റ് ലഭിക്കാനുമുള്ള അപേക്ഷ സമർപ്പിക്കാം. കേന്ദ്ര സർക്കാരിന്റെ പുതിക്കിയ മാർഗ്ഗ നിർദ്ദേശ പ്രകാരം വീടുകളിലോ ആശുപത്രികളിലോ മരണപ്പെട്ടതും എം.സി.സി.ഡി. ഫോം 4 എ പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൽ കോവിഡ് -19 മരണമെന്ന് രേഖപ്പെടുത്തിയവയെ കോവിഡ്-19 മരണങ്ങളായി കണക്കാക്കാം. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥരീകരിച്ച നാൾ മുതലോ 30 ദിവസത്തിനകംവരെയുള്ള മരണങ്ങളെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. മാത്രമല്ല ആശുപത്രി/കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് 19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ അത് കോവിഡ് മരണമായി കണക്കാക്കാവുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ

നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് 19 മരണം സംബന്ധിച്ച ഔദ്യോഗികരേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് ബാധയെത്തുടർന്ന് മരണപ്പെട്ട ആളിന്റെ അടുത്ത അവകാശിക്ക് നൽകപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിൽ അവർക്ക് പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സംസ്ഥാനം ഒരു കമ്മിറ്റിയെ നിയോഗിച്ചു. ഇതിന് പരിഹാരം കണ്ടെത്തണമെന്നുള്ള മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് മരണങ്ങളുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുവാൻ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ മെഡിക്കൽ ഓഫീസർ, അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ/ജില്ലാ സർവയലൻസ് ഓഫീസർ, മെഡിക്കൽ കോളേജിലെ മെഡിസിൻ വിഭാഗം തലവൻ, നോൺ കോവിഡ് വിഭാഗം ജില്ലാ സർവയലൻസ് ഓഫീസർ, ബന്ധപ്പെട്ട വിദഗ്ധൻ/സബ്ജക്ട് എക്സ്പേർട്ട് എന്നിവരടങ്ങുന്ന കോവിഡ് 19 ഡെത്ത് അസറ്റൈനിംഗ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സമിതി പരാതി ലഭിച്ച് 30 ദിവസത്തിനകം തീർപ്പ് കൽപ്പിക്കുന്നതാണ്. കേന്ദ്ര

ദുരന്ത നിവാരണ അതോറിറ്റിയുടെ മാനദണ്ഡമനുസരിച്ച് കോവിഡ് 19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന്/നിയമപരമായ അവകാശിക്ക് സംസ്ഥാന ദുരന്ത നിവാരണ പ്രതികരണ നിധിയിൽനിന്നും 50,000 രൂപ ധനസഹായം നൽകാൻ ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പുതുക്കികൊണ്ട് കോവിഡ് 19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത നിവാരണ പ്രതികരണ നിധിയിൽനിന്നും 50,000 രൂപ ധനസഹായം നൽകുന്നതിന് 25-09-2021-ലെ സി.എം.ഡി. പ്രകാരം ഗവൺമെന്റ് ഉത്തരവുനമ്പർ....3/2021 പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രാജ്യത്ത് റിപ്പോർട്ട് ചെയ്ത ആദ്യത്തെ കോവിഡ് 19 കേസ്സിന്റെ തീയതി മുതൽ കോവിഡ് 19 ദുരന്തമായി പ്രഖ്യാപിച്ച് വിജ്ഞാപനം റദ്ദുചെയ്യുന്നതുവരെയോ ഇതുസംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെയോ ഈ ധനസഹായം ബാധകമാണ്. ധനസഹായ വിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ രൂപകൽപ്പന ചെയ്ത റിലീഫ് പോർട്ടൽ വഴി ധനസഹായം വിതരണം

ചെയ്യാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പോർട്ടൽ വഴി അപേക്ഷകർക്ക് ഓൺലൈനായി ധനസഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. പോർട്ടൽ പൂർണ്ണതോതിൽപ്രവർത്തനമാരംഭിച്ച് അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായ വിതരണം വേഗത്തിൽ പൂർത്തിയാക്കാവുന്നതാണ്. കോവിഡ്മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുഞ്ഞുങ്ങൾക്കുള്ള ധനസഹായം നേരത്തെതന്നെ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഇവർക്ക് പഠന സഹായം നൽകുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, വാക്സിനേഷന്റെ ഭാഗമായി എന്തെങ്കിലും ദോഷവശങ്ങൾ ഉണ്ടാകുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; ഇത് പറയാൻ കാരണം എന്റെ നിയോജകമണ്ഡലത്തിൽ സിറാജെന്ന് പേരുള്ള 45 വയസ്സുകാരൻ വാക്സിനേഷനുശേഷം ചില സിംറ്റംസ് കാണിക്കുകയും അതിനുശേഷം കാഴ്ച നഷ്ടപ്പെടുകയും തളർന്നുപോകുകയും തുടർന്ന് മരിക്കുകയും ചെയ്തു. ഇത് വാക്സിനേഷന്റെ ഭാഗമായാണെന്നാണ് കുടുംബം പറയുന്നത്. ഇത്തരം കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടതായും ബഹുമാനപ്പെട്ട

മന്ത്രിയുടെ ശ്രദ്ധയിലുണ്ടോ?

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്):സർ, ഇത്തരം കേസുകൾ സംസ്ഥാനത്ത് വിരളമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ നേരിട്ട് കേന്ദ്ര സർക്കാരിനെ അറിയിക്കണമെന്നാണ് കേന്ദ്ര ആരോഗ്യമന്ത്രാലയം അറിയിച്ചിരിക്കുന്നത്. ആ സാഹചര്യത്തിൽ അങ്ങനെയുണ്ടായിട്ടുള്ള കേസുകളെല്ലാം കേന്ദ്ര സർക്കാരിനെ അറിയച്ചിട്ടുണ്ട്. അതുകൂടാതെ ഈ കേസുകൾ സംബന്ധിച്ച് സംസ്ഥാന ആരോഗ്യവകുപ്പ് ഒരു പഠനവും ഇതിന്റെ ഭാഗമായി നടത്തുന്നുണ്ട് ഇക്കാര്യങ്ങൾ കേന്ദ്രം നേരിട്ടുതന്നെയാണ് ഇതിന്റെ റിപ്പോർട്ടുകൾ സ്വീകരിക്കുന്നതും ബാക്കികാര്യങ്ങൾ ചെയ്യുന്നതും പക്ഷേ ആര്യോഗ്യ വകുപ്പിന്റെ ഭാഗമായി ഒരു പഠനം നടത്തുന്നുണ്ട്.

## 2. ഷൊർണ്ണൂർ-നിലമ്പൂർ റെയിൽപാത

ശ്രീ. എ. പി. അനിൽ കുമാർ: സർ, റെയിൽവെ മേഖലയിൽ, ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവെ ലൈൻ ആരംഭിക്കാൻ തീരുമാനിച്ചിട്ട് നൂറ് വർഷം തികയുന്ന സന്ദർഭമാണിത്. 1921 ഒക്ടോബർ മാസം 26-ാം

തീയതിയാണ് റെയിൽവെ ബോർഡ് എഞ്ചിനീയർ ഇൻ ചീഫ് ശ്രീ. ജോൺ ഇസാറ്റിൻ ദക്ഷിണേന്ത്യൻ റെയിൽവെ കമ്പനി നൽകുന്ന പ്രദേശങ്ങളിൽ പുതിയ റെയിൽവെ ലൈനുകൾ ഉണ്ടാക്കാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഷൊർണ്ണൂർ- നിലമ്പൂർ റെയിൽവെ ലൈൻ ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇതിന്റെ ആദ്യഘട്ടം 1927-ൽ പൂർത്തീകരിച്ചു. ഏതാണ്ട് നൂറ് വർഷത്തിലേയ്ക്ക് കടക്കുകയാണ് ഇപ്പോൾ ഷൊർണ്ണൂർ- നിലമ്പൂർ റെയിൽവേ ലൈൻ. ഏറ്റവും പ്രധാനപ്പെട്ട ഒരു റെയിൽവെ ലൈനായി ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവെ ലൈൻ ഇതിനകം മാറിക്കഴിഞ്ഞു. കോവിഡിനുമുമ്പ് നിലമ്പൂരിൽനിന്ന് ഏതാണ്ട് എട്ട് പാസഞ്ചർ ട്രെയിനുകൾ ഉണ്ടായിരുന്നു. അതോടൊപ്പം തിരുവനന്തപുരത്തേയ്ക്ക് വരുന്ന രാജ്യറാണി എക്സ്പ്രസ് ആരംഭിച്ചു. അങ്ങനെ നല്ല വികസനം ഈ മേഖലയിൽ ഉണ്ടായിരുന്നു. എന്നാലും ഒരുപാട് പ്രശ്നങ്ങൾ അപ്പോഴും ബാക്കിയായിരുന്നു. ഇപ്പോൾ കോവിഡുമായി ബന്ധപ്പെട്ട് റെയിൽവെ എല്ലായിടത്തും ട്രെയിനുകൾ നിർത്തിയതിന്റെ അടിസ്ഥാനത്തിൽ നിലമ്പൂരിൽനിന്നും ആരംഭിക്കുന്ന ട്രെയിനുകളും നിർത്തിവച്ചിരുന്നു. അടുത്തകാലത്തായി നിലമ്പൂർ-

തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ് ആരംഭിച്ചു. ഏഴാം തീയതി ഒരു പാസഞ്ചറും തുടങ്ങുന്നു എന്ന് അറിയുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട നാലഞ്ച് പ്രധാനപ്പെട്ട കാര്യങ്ങളാണ് സംസ്ഥാനത്തെ റെയിൽവേ വകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ മുന്നിൽ അവതരിപ്പിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ടകാര്യം, ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവേ ലൈൻ വൈദ്യുതീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ആരംഭിച്ചിട്ട് വളരെയധികം നാളുകളായി. ഇതോടൊപ്പം ആരംഭിച്ച പാലക്കാട്-പൊള്ളാച്ചി റെയിൽവേ ലൈനുമായി ബന്ധപ്പെട്ട വൈദ്യുതീകരണ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞു. ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവേലൈനിന്റെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും ടെണ്ടർ നടപടികൾ ഉൾപ്പെടെ പൂർത്തീകരിച്ചുകഴിഞ്ഞു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ, ഇതുവരെ അതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. അതുകൊണ്ട് എത്രയും പെട്ടെന്ന് റെയിൽവേ വകുപ്പ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവേ ലൈൻ വൈദ്യുതീകരണത്തിനായുള്ള കാര്യങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ

നടപടിയുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

രണ്ടാമതായി എനിക്ക് പറയാനുള്ളത്, ഏതാണ്ട് 66 കിലോമീറ്റർ ദൈർഘ്യമുള്ള ഷൊർണൂർ-നിലമ്പൂർ റെയിൽവേ ലൈനിന് അങ്ങാടിപ്പുറത്തും വാണിയമ്പലത്തും മാത്രമാണിപ്പോൾ റെയിൽവേ ക്രോസിംഗ് സ്റ്റേഷനുള്ളത്. റെയിൽവേ വികസനത്തിനും കൂടുതൽ ട്രെയിനുകൾക്ക് സർവ്വീസ് നടത്തുന്നതിനും ക്രോസിംഗ് സ്റ്റേഷനുകൾ അത്യാവശ്യമാണ്. ഇന്ന് നിലവിൽ അങ്ങാടിപ്പുറത്തുനിന്നും വാണിയമ്പലം റെയിൽവേ സ്റ്റേഷനിലേയ്ക്കുള്ള ദൂരം 28 കിലോമീറ്ററാണ്. യഥാർത്ഥത്തിൽ റെയിൽവേയുടെ കണക്കനുസരിച്ച് സാധാരണ 6 മുതൽ 9 കിലോമീറ്ററിനിടയ്ക്ക് ക്രോസിംഗ് സ്റ്റേഷനുകളുണ്ടാവും. അങ്ങനെയുണ്ടെങ്കിൽ മാത്രമേ സുഗമമായ ട്രാഫിക് നടക്കുകയുള്ളൂ. പക്ഷേ, ഇവിടെ 28 കിലോമീറ്ററുണ്ടായിട്ടും ക്രോസിംഗ് സ്റ്റേഷൻ നിലവിലില്ല. അങ്ങാടിപ്പുറം വാണിയമ്പലം സ്റ്റേഷനുകളുടെ ഇടയിലുള്ള തുവ്വൂർ സ്റ്റേഷൻ ക്രോസിംഗ് സ്റ്റേഷനാക്കി മാറ്റിയാൽ തീർച്ചയായും ഈ പാതയിലുള്ള റെയിൽവേ വികസനത്തിന് വളരെയേറെ മുന്നേറ്റമുണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. വാണിയമ്പലം റെയിൽവേ സ്റ്റേഷനിലെ രണ്ടാം പ്ലാറ്റ് ഫോം

നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് അന്ന് എന്റെ എം.എൽ.എ. ഫണ്ടാണ് അനുവദിച്ചത്. തുവ്വൂർ ക്രോസിംഗ് സ്റ്റേഷനാക്കുന്നപക്ഷം പ്ലാറ്റ്ഫോമിനാവശ്യമായ എം.എൽ.എ. ഫണ്ട് ആസ്തിവികസന ഫണ്ടിൽനിന്നും നൽകാൻ കഴിയും. പക്ഷേ, യഥാർത്ഥ പ്രശ്നം അതല്ല, ക്രോസിംഗ് സ്റ്റേഷനാക്കി മാറ്റണമെങ്കിൽ വലിയൊരു തുക വേണം. ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട് റെയിൽവേ ഉദ്യോഗസ്ഥൻമാർ രണ്ടുതവണ ഇതിന്റെ എസ്റ്റിമേറ്റും മറ്റുമെടുത്ത് റെയിൽവേയ്ക്ക് അയച്ചുകഴിഞ്ഞു. പക്ഷേ, തുക കൂടുതലാകും എന്നതുകൊണ്ടാണ് തുവ്വൂർ സ്റ്റേഷനെ ക്രോസിംഗ് സ്റ്റേഷനാക്കി മാറ്റാൻ കഴിയാത്തത്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഒരുതുക നൽകുകയാണെങ്കിൽ റെയിൽവേ അതിന്മേൽ വളരെ പോസിറ്റീവായൊരു നിലപാടെടുക്കുമെന്നാണ് ഞാൻ മനസിലാക്കുന്നത്. അതിനാവശ്യമായ നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

അതുപോലെ ഏറ്റവും പ്രധാനപ്പെട്ട ട്രെയിനാണ് തിരുവനന്തപുരം-കൊച്ചുവേളി രാജ്യറാണി എക്സ്പ്രസ്. അത് കോവിഡിനുശേഷം പുനഃരാരംഭിച്ചു.

നേരത്തേ ഞാൻ ഈ സഭയിൽ സൂചിപ്പിച്ചതാണ്. നിലവിലുള്ള സാഹചര്യത്തിൽ ഈ ട്രെയിൻ നിർത്തുന്നത് കൊച്ചുവേളിയിലാണ്. മലബാറിൽനിന്നും പ്രത്യേകിച്ച് മലപ്പുറം ജില്ലയിൽ നിന്നും ആർ.സി.സി., ശ്രീചിത്ര തുടങ്ങിയ ഹോസ്പിറ്റലിലേയ്ക്ക് വരുന്ന രോഗികൾ ആശ്രയിക്കുന്ന ട്രെയിനാണ് രാജ്യറാണി എക്സ്പ്രസ്. അതും അതിരാവിലെ 4.00 മണിക്ക് എത്തിച്ചേരുകയാണ്. അവിടെ ഇറങ്ങുന്ന ആളുകൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ആ ട്രെയിൻ തിരുവനന്തപുരത്തേയ്ക്ക് നീട്ടുന്നതിനുള്ള നടപടിയുണ്ടാകണം. തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽ ട്രാഫിക് വളരെ കൂടുതലായതുകൊണ്ട് കഴിയില്ലായെന്നാണ് പറയുന്നത്. പക്ഷേ, ഈ ട്രെയിൻ നാഗർകോവിൽ വരെ നീട്ടിയാൽ തീർച്ചയായും തിരുവനന്തപുരത്ത് ഇറങ്ങാനുള്ള സൗകര്യമുണ്ടാകും എന്നാണ് പറയുന്നത്. ആ ഒരു കാര്യത്തിൽക്കൂടി ഗവൺമെന്റ് ശ്രദ്ധിക്കണം. അതിനുള്ള ഇടപെടൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം കുറേനാളുകളായി പറയുന്ന നിലമ്പൂർ-നഞ്ചൻകോട് റെയിൽവേയുമായി ബന്ധപ്പെട്ടകാര്യം. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട

എം.പി., ശ്രീ. രാഹുൽഗാന്ധി പാർലമെന്റിൽ ഉന്നയിച്ചു. അദ്ദേഹം മന്ത്രിയുമായി നേരിട്ട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ റെയിൽവേ വകുപ്പുമന്ത്രി അദ്ദേഹത്തിനൊരു കത്ത് കൊടുത്തിരിന്നു. ആ കത്തിൽ പറഞ്ഞിരുന്നത്, നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ ആരംഭിക്കുന്നത് സംബന്ധിച്ച് Kerala Rail Infrastructure Ltd.-നെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നാണ്. അതുമാത്രമല്ല അവശേഷിക്കുന്ന അലൈൻമെന്റിന് അംഗീകാരത്തിനായി കേരള-കർണാടക സംസ്ഥാനങ്ങളുടെ ചീഫ് സെക്രട്ടറിമാർ തമ്മിൽ ചർച്ച നടത്താൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെന്നും കേന്ദ്രമന്ത്രി അറിയിച്ചിരുന്നു. അതിന്റെ നടപടികളും ത്വരിതപ്പെടുത്തണം. അത്തരത്തിലുള്ള എന്തെങ്കിലും ചർച്ച നടന്നോ; ഇല്ലെങ്കിൽ അത് നടത്താനുള്ള നടപടി സ്വീകരിക്കുമോ; ഇന്ന് ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവേ ലൈൻ വികസനരംഗത്ത് അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക നടപടിയെടുക്കണം. അവിടെ ആക്ഷൻ കൗൺസിലും വിവിധ രാഷ്ട്രീയ പാർട്ടികളും നിരന്തരമായ സമരത്തിലാണ്. അത് അങ്ങേയ്ക്കറിയാം. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു ഇടപെടൽ നടത്തുവാൻ ഗവൺമെന്റ്

തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): ബഹുമാനപ്പെട്ട വണ്ടൂർ അംഗം ശ്രീ. എ. പി. അനിൽകുമാർ ഉന്നയിച്ച കാര്യങ്ങൾ റെയിൽവേ വകുപ്പുമായി ചർച്ച ചെയ്തിരുന്നു. കോവിഡിനുമുമ്പ് നിലവിലുണ്ടായിരുന്നതും പിന്നീട് നിർത്തിയതുമായ ട്രെയിൻ സർവ്വീസ് പുനരാരംഭിക്കുക, പാസഞ്ചർ ട്രെയിനിലടക്കം ഏർപ്പെടുത്തിയ റിസർവേഷൻ സംവിധാനം പിൻവലിക്കുക, യാത്രക്കാർക്ക് വീണ്ടും സീസൺ ടിക്കറ്റ് ഏർപ്പെടുത്തുക എന്നീ കാര്യങ്ങൾ പൊതു തീരുമാനത്തിനായി റെയിൽവേ ജനറൽ മാനേജർ, ചീഫ് ഓപ്പറേറ്റിംഗ് മാനേജർ, പ്രിൻസിപ്പൽ ചീഫ് കൊമേഴ്സ്യൽ മാനേജർ, ഡിവിഷണൽ മാനേജർ തിരുവനന്തപുരം പാലക്കാട് എന്നിവരുമായി 29-09-2001-ൽ ചർച്ച നടത്തിയിരുന്നു. തിരുവനന്തപുരം സെൻട്രലിൽ രാവിലെ എത്തിച്ചേരുന്ന വിവിധ ട്രെയിനുകൾ, ഉദ്യോഗസ്ഥരടക്കം പൊതുജനങ്ങളുടെ സൗകര്യാർത്ഥം 09.45-ന് എത്തിച്ചേരുന്നവിധം സമയം ക്രമീകരിക്കുകയെന്ന കാര്യവും റെയിൽവേ ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ഈ ചർച്ചയിൽ ധാരണയായിട്ടുണ്ട്.

06-10-2001 മുതൽ 9 പാസഞ്ചർ ട്രെയിനുകൾ പുനരാരംഭിക്കാൻ ഈ ചർച്ചയ്ക്കുശേഷം റെയിൽവേ നടപടിയെടുത്തിട്ടുണ്ട്. അൺ-റിസർവ്ഡ് എക്സ്പ്രസ് ട്രെയിനുകളായാണ് ഇത് സർവ്വീസ് നടത്തുക. നിലമ്പൂർ-കൊച്ചുവേളി രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം വരെ നീട്ടുന്നകാര്യവും ഈ ചർച്ചയിൽ ഞങ്ങൾ ഉന്നയിച്ചിരുന്നു. സ്ഥലപരിമിതിയും മറ്റും കാരണം ഇപ്പോൾ അത് പരിഗണിക്കാൻ സാധ്യമല്ലെങ്കിലും ഇക്കാര്യത്തെക്കുറിച്ച് വീണ്ടും ചർച്ച ചെയ്യാമെന്നുള്ള ധാരണ വരുത്തിയിട്ടുണ്ട്. 29-9-2001-ലെ ചർച്ചയുടെ അടിസ്ഥാനത്തിൽ റെയിൽവേ മുഖാന്തരമുള്ള ചരക്ക് ഗതാഗതം കൂടുതൽ ശക്തിപ്പെടുത്താനുള്ള ഒരു യോഗം ഗതാഗത പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതിൽ വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഷൊർണ്ണൂർ-നിലമ്പൂർ റെയിൽവേ പാതയുടെ വൈദ്യുതീകരണം Central Organization for Railway Electrification, അലഹബാദിന്റെ പരിധിയിലാണ് വരുന്നത്. അവരുമായി ചർച്ച ചെയ്യാൻ ഒരു തീയതി നിശ്ചയിച്ചിട്ടുണ്ട്. നിലമ്പൂർ-കോയമ്പത്തൂർ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്ന വിഷയം ഈ 29-ന് നടത്തിയ ചർച്ചയിൽ നമ്മൾ ഉന്നയിച്ചിരുന്നു. ചില സാങ്കേതിക കാരണങ്ങളാൽ ഇപ്പോൾ

പരിഗണിക്കാൻ കഴിയില്ല. എന്നിരുന്നാലും ഇക്കാര്യംകൂടി റെയിൽവേ അധികൃതർ പരിഹരിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. തുവ്വൂർ റെയൽവേ സ്റ്റേഷൻ ക്രോസിംഗ് സ്റ്റേഷനാക്കുന്നത് സംബന്ധിച്ച് നിലവിൽ ശിപാർശയൊന്നും ലഭിച്ചിട്ടില്ലായെന്നുള്ളതാണ് റെയിൽവേ അറിയിച്ചിട്ടുള്ളത്. എങ്കിലും മലപ്പുറം ജില്ലയിൽ ഏറ്റവും പ്രധാനപ്പെട്ട കിഴക്ക് ഭാഗത്തു കിടക്കുന്ന ഒരു കേന്ദ്രമെന്ന നിലയിൽ ടൂറിസ്റ്റ് കോച്ചുകൾ അതിൽ വരണം. കാരണം, മൈസൂർ, ഊട്ടി പോലുള്ള ഹിൽ സ്റ്റേഷനുകൾക്ക് പോകുന്ന വിധത്തിൽ അത്തരം ടൂറിസ്റ്റുകൾക്ക് വരാനുള്ള കോച്ചുകൾകൂടി ഘടിപ്പിക്കണമെന്നുള്ള ഒരാവശ്യവും നമ്മൾ മുന്നോട്ടു വച്ചിട്ടുണ്ട്. ഈ കാര്യവും ഘട്ടംഘട്ടമായി പരിഗണിക്കാമെന്നാണ് റെയിൽവേ അധികൃതർ അറിയിച്ചത്.

ശ്രീ. എ. പി. അനിൽകുമാർ: സർ, നിലവിൽ നിലമ്പൂരിൽ നിന്നും ഷൊർണ്ണൂരിലേയ്ക്ക് ട്രെയിനുണ്ട്. ഷൊർണ്ണൂരിൽ നിന്നും കോയമ്പത്തൂരിലേയ്ക്കും പാസഞ്ചറുണ്ട്. ട്രെയിൻ നം. 56612, 56604. നിലമ്പൂരിൽ നിന്നും പോയി ഷൊർണ്ണൂരിലിറങ്ങി പിന്നെ ഷൊർണ്ണൂരിൽ നിന്നും തിരുവനന്തപുരത്തേയ്ക്കാണ് പോകുന്നത്. നേരത്തേ മറ്റ് ട്രെയിനുകളൊക്കെ ഇതുപോലെയായിരുന്നു.

തിരുവനന്തപുരം ട്രെയിനും ഇതുപോലെയായിരുന്നു. ഷൊർണ്ണൂർ പോയി മാറി കയറുന്നു. പിന്നീട് തിരുവനന്തപുരത്തേയ്ക്ക് പോകുന്നു. അതാണ് ഇപ്പോൾ രാജ്യറാണി ഒരുമിച്ച് നിലമ്പൂർ നിന്നും എടുക്കുന്നത്. ഈ റെയിൽവേയുമായി ബന്ധപ്പെട്ട് നിലമ്പൂരിൽ നിന്നും ഷൊർണ്ണൂരിലേയ്ക്കും ഷൊർണ്ണൂരിൽ നിന്നും കോയമ്പത്തൂരിലേയ്ക്കും മാറിക്കയറുന്നതിന് പകരം ഇത് രണ്ടും ബന്ധിപ്പിക്കാനുള്ളൊരു നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഈ കാര്യങ്ങൾ രണ്ട് മൂന്ന് തവണയായിട്ടാണ് ചർച്ച ചെയ്തത്. വളരെ കൃത്യമായിട്ടാണ് നമ്മുടെ ആവശ്യങ്ങൾ ഉന്നയിച്ചത്. കോവിഡുമൂലം നിർത്തലാക്കിയ നിരവധി സംവിധാനങ്ങൾ വീണ്ടും കൊണ്ടുവരികയാണ്. അതിന്റേതായ തിരക്കുകളും മറ്റുമുണ്ട്. നല്ല രീതിയിൽത്തന്നെ കാര്യങ്ങൾ ചെയ്യാമെന്ന് നമ്മളോട് പറഞ്ഞിട്ടുണ്ട്. നിലമ്പൂർ-നഞ്ചൻകോട് പാതയടക്കമുള്ള കാര്യങ്ങളിൽ നല്ല സമീപനമാണ് റെയിൽവേയ്ക്കുള്ളത്. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസങ്ങളിൽ ചർച്ച നടത്തിയിരുന്നു. വീണ്ടും അക്കാര്യങ്ങളിൽ നല്ല രീതിയിലുള്ള നിലപാടാണുള്ളത്. നിലമ്പൂർ-

നഞ്ചൻകോട് പാത ആവശ്യമാണെന്നതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം.